LIBRARY ARCHIVES Kerala Legislative Assembly

സ്കോളർ സപ്പോർട്ട് പ്രോഗ്രാം

8 (6973) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വിദ്യാർത്ഥികളെയാണ് സ്കോളർ സപ്പോർട്ട് പ്രോഗ്രാമിന്റെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായവും മറ്റുപഠന സാമഗ്രികളുമാണ് ഈ പദ്ധതി അനുസരിച്ച് നൽകുന്നത് ; വിശദമാക്കുമോ ;

(സി) ഏത് അദ്ധ്യയനവർഷം മുതലാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദ്യവർഷ ബിരുദ വിദ്യാർത്ഥികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ബിരുദ കോഴ്സിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതിയുടെ പ്രയോജനം വിധിക്കത്തക്ക രീതിയിലാണ് പദ്ധതി രൂപകൽപന ചെയ്തിട്ടുള്ളത്. ഓരോ കോളേജിലും കോളേജിലെ സാഹചര്യങ്ങളും ആവശ്യങ്ങളും പരിഗണിച്ച് കുറഞ്ഞത് ആറ് വിഷയങ്ങളിലെങ്കിലും വേണ്ട സഹായം വിദ്യാർത്ഥികൾക്ക് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സർവ്വകലാശാലാതലത്തിൽ നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ വിദ്യാർത്ഥികൾ മോശമായ പ്രകടനം കാഴ്ചവയ്ക്കുന്ന വിഷയങ്ങൾ കണ്ടെത്തി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിൽ നിന്നും വിദ്യാർത്ഥികളുടെ താൽപര്യംകൂടി പരിഗണിച്ച് കോളേജ് തലത്തിൽ വിഷയങ്ങൾ സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാം. ഒരു വിഷയം കോമൺ കോഴ്സായ ഇംഗ്ലീഷായിരിക്കും. മറ്റ് അഞ്ച് വിഷയങ്ങൾ കോളേജ് കൗൺസിലിന്റെ സഹായത്തോടെ ബന്ധപ്പെട്ട കോളേജ് കണ്ടെത്തണം. അതിനനുസരിച്ച് പഠനത്തിൽ സഹായം വേണ്ട, മാർക്ക് കുറവുള്ള 50 കുട്ടികളെ കണ്ടെത്തുന്നു. ഇംഗ്ലീഷിൽ 10 കുട്ടികളെയും മറ്റ് 5 വിഷയങ്ങൾക്ക് ഓരോന്നിനും 8 വീതം കുട്ടികളെയുമാണ് കണ്ടെത്തുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന 50 കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. റഗുലർ ക്ലാസ് സമയത്തിനുശേഷവും അവധി ദിവസങ്ങളിലും ശനിയാഴ്ചകളിലും ക്ലാസ്സ് നടത്താവുന്നതാണ്. ഒരു വർഷം ഒരു വിഷയത്തിൽ 20 മണിക്കൂർ വീതം 6 വിഷയങ്ങൾക്ക് പരമാവധി 120 മണിക്കൂർ വരെ പദ്ധതിപ്രകാരം സഹായം നൽകാം.